സർക്കാർ ഓഫീസുകളിലെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് സമയ ദൈർഘ്യം

33 [1930] ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിലെ വൈദ്യുതി നിരക്ക് യൂണിറ്റിന് എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) വ്യവസായ സ്ഥാപനങ്ങളിലെ വൈദ്യുതി നിരക്കിന് തുല്യമായ നിരക്കാണോ സർക്കാർ ഓഫീസുകളിലേതെന്ന് വ്യക്തമാക്കാമോ ;

(സി) ഫണ്ട് ലഭ്യത യഥാസമയം ഇല്ലാത്തതിനാൽ മിക്ക സർക്കാർ ഓഫീസുകളിലേയും വൈദ്യുതി ചാർജ്ജ് കൃത്യസമയത്ത് അടയ്ക്കാൻ കഴിയുന്നില്ല എന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാരണത്താൽ തന്നെ വൈദ്യുതി സപ്ലൈ, ഇലക്ട്രിസിറ്റി ബോർഡ് വിച്ഛേദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സർക്കാർ ഓഫീസുകളിലെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതുവരെ സമയ ദൈർഘ്യം അനുവദിക്കുന്നകാര്യം പരിഗണിക്കുമോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാർ ഓഫീസുകളിൽ എൽ. റ്റി VI B താരിഫാണ് നിലവിലുള്ളത്. അതനുസരിച്ചുള്ള നിരക്ക് കിലോ വാട്ടിന് ഒരു മാസത്തേക്കുള്ള ഫിക്സഡ് ചാർജ്-55 രൂപയും എനർജി ചാർജ്ജ്-500 യൂണിറ്റ് വരെ ഒരു യൂണിറ്റിന്-450 പൈസയും അതിന് മുകളിൽ 590 പൈസയുമാണ്.

(ബി) അല്ല. വ്യവസായ സ്ഥാപനങ്ങൾക്ക് എൽ. റ്റി IV നിരക്കാണ് നിലവിലുള്ളത്. കിലോവാട്ടിന് ഒരു മാസത്തേക്കുള്ള ഫിക്സഡ് ചാർജ്-45 രൂപയും ഒരു യൂണിറ്റിനുള്ള എനർജി ചാർജ്-325 പൈസയുമാണ്.

(സി, ഡി) ഉണ്ട്. എന്നാൽ സർക്കാർ ഓഫീസുകൾ 6 മാസം വരെ കുടിശ്ശിക വരുത്തിയാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കാറില്ല. അതിനുമപ്പുറം കുടിശ്ശിക വരുത്തുമ്പോഴാണ് വൈദ്യുതി ബന്ധം വിച്ഛേദിക്കുവാൻ ബോർഡ് നിർബന്ധിതമാകുന്നത്.

(ഇ) പരിഗണിക്കാൻ പ്രയാസമാണ്. പുതിയ ഇലക്ട്രിസിറ്റി ആക്റ്റ് പ്രകാരം സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ നിബന്ധനപ്രകാരം കറന്റ് ചാർജ് അടയ്ക്കുന്നതിന് സമയ ദൈർഘ്യം അനുവദിക്കാൻ പ്രയാസമാണ്. ബോർഡിന്റെ വരവു ചെലവുകണക്ക് റഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെയാണ് തീരുമാനിക്കുന്നത്. വരുമാനത്തിലെ കുറവ് ബോർഡിന്റെ വിവിധ പദ്ധതി പ്രവർത്തനങ്ങളെ ഗണ്യമായി ബാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly